**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2917** **18-03-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസികൾക്കുള്ള വനം വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പത്തൊൻപതിനായിരം ഏക്കർ നിക്ഷിപ്ത വന ഭൂമി കേന്ദ്ര സർക്കാർ ആദിവാസി പുനരധിവാസത്തിന് അനുവദിച്ചത് എന്നാണെന്നും ഇതുവരെ അതിൽ എത്ര ഏക്കർ ഭൂമി ആദിവാസികൾക്ക് നൽകിയെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; കേന്ദ്ര സർക്കാർ അനുവദിച്ച ബാക്കി നിക്ഷിപ്ത ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; അനുമതി ലഭിച്ച ഈ വന ഭൂമി വിതരണം ചെയ്യുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ; | (എ) | ആദിവാസികളുടെ പുനരധിവാസ പദ്ധതിയുടെ പ്രൊപ്പോസലിന് 06.02.2004-ലെ F.No. 8/16/2002/FC നമ്പർ ഉത്തരവു പ്രകാരം കേന്ദ്രം വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതു വരെ 3603.4763 ഹെക്ടർ ഭൂമി ഭൂരഹിതരായ ആദിവാസികൾക്ക് പതിച്ചു നൽകിയിട്ടുണ്ട്. അവശേഷിക്കുന്നതിൽ വാസ യോഗ്യമല്ലാത്തതും കയ്യേറ്റം വഴി നഷ്ടപ്പെട്ടതുമായ 3268.8802 ഹെക്ടർ ഭൂമി ഒഴിവാക്കി കൊണ്ട് 477.2942 ഹെക്ടർ ഭൂമി വിതരണ യോഗ്യമാണ്. ഈ ഭൂമിയുടെ സംയുക്ത പരിശോധനയും സർവ്വെ നടപടികളും പ്ളോട്ടുകളായി തിരിക്കുന്ന ജോലികളും വിവിധ ജില്ലകളിൽ പുരോഗമിച്ചു വരുന്നു. അർഹരായ ഭൂരഹിതരായ പട്ടികവർഗ്ഗക്കാരെ കണ്ടെത്തി അവർക്ക് വിതരണം ചെയ്യുന്നതാണ്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | നിക്ഷിപ്ത ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനും സർവേ നടത്താനും മറ്റും വനം വകുപ്പിന് ആകെ എത്ര രൂപ ലഭിച്ചുവെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും അറിയിക്കുമോ; ഭൂമി വിതരണത്തിനായി വനം വകുപ്പ് ആസ്ഥാനത്ത് പ്രത്യേക ഓഫിസ് പ്രവർത്തിച്ചതിന് എത്ര രൂപ ചെലവായിയെന്നും എ.ജി. ഇത് സംബന്ധിച്ച് റിപ്പോർട്ട് നൽകിയിരുന്നോയെന്നും അതിൽ എന്തെല്ലാം വീഴ്ചകളാണ് ചൂണ്ടിക്കാണിച്ചതെന്നും വ്യക്തമാക്കുമോ; | (ബി) | ട്രൈബൽ റീഹാബിലിറ്റേഷൻ കമ്മീഷൻ ഓഫീസ് വനം വകുപ്പ് ആസ്ഥാനത്തെ ഇക്കോ ഡെവലപ്മെൻറ് & ട്രൈബൽ വെൽഫയർ ഓഫീസിൽ പ്രവർത്തിക്കുന്നതിന് പ്രത്യേക ഫണ്ടുകളൊന്നും ലഭിച്ചിട്ടില്ല. |
| (സി) | കഴിഞ്ഞ അഞ്ച് വർഷം വനം വകുപ്പിന് ആദിവാസി മേഖലകളിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കുന്നതിന് എത്ര രൂപ വീതം അനുവദിച്ചുവെന്നും ഏതെല്ലാം പദ്ധതികൾ | (സി) | കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ വനം വകുപ്പ് ആദിവാസി മേഖലകളിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പി ക്കൽ, കാർഷിക സഹായം, നൈപുണ്യ വികസനം, കുടിവെള്ള പദ്ധതികൾ, വൈദ്യുതി, ചെറുകിട വന ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനയും, |

| | | | |
|---|---|---|---|
| | പൂർണമായി നടപ്പാക്കിയെന്നും ആയതിന്റെ വിശദവിവരം ഊരുകൾ തിരിച്ച് ലഭ്യമാക്കുമോ; | | വിപണനവും, കര കൗശല നിർമ്മാണം, വിദ്യാർത്ഥികളുടെ പഠനസഹായം, സൗരോർജ്ജ വേലി നിർമ്മാണം, ആരോഗ്യ സംരക്ഷണം, മറ്റ് ജീവനോപാധി പ്രവർത്തനങ്ങൾ, വൈവിദ്ധ്യമാർന്ന ക്ഷേമ പ്രവർത്തനങ്ങൾ മുതലായവ നടപ്പിലാക്കിയിട്ടുണ്ട്. ആയതിനെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | വയനാട്ടിലെ വനത്തിൽ നിന്ന് ആദിവാസികളെ കുടിയിറക്കി പുനരധിവസിപ്പിച്ച പദ്ധതി പരാജയപ്പെട്ടുവെന്ന് എ.ജി. റിപ്പോർട്ട് നൽകിയിട്ടുണ്ടോ; റിപ്പോർട്ടിൽ പദ്ധതി നടപ്പാക്കിയതിൻെറ വീഴ്ചകൾ എന്തെല്ലാമെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | പുനരധിവാസ പദ്ധതി പരാജയ പ്പെട്ടുവെന്ന് എ.ജി. റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. എന്നാൽ ടി പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തത് സംബന്ധിച്ച് എ.ജി. പരാമർ ശിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത കുറവ് കാരണം ടി പദ്ധതി പൂർത്തീകരിച്ചിട്ടില്ല. |
| (ഇ) | നിലമ്പൂരിൽ വനാവകാശ നിയമ പ്രകാരം പത്ത് ഏക്കർ ഭൂമി അവകാശപ്പെടാൻ അർഹതയുള്ള കുടുംബങ്ങൾക്ക് പത്ത് സെന്റ് മാത്രമാണ് വനം വകുപ്പ് അനുവദിച്ചതെന്ന് എ.ജി. അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; സംസ്ഥാനത്താകെ ഇത്തരത്തിൽ ആദിവാസികളെ കബളിപ്പിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥർ പീഡിപ്പിക്കുവെന്നാണ് എ.ജി. റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിൽ ഇക്കാര്യത്തിൽ വനം വകുപ്പ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ഇ) | നിലമ്പൂർ നോർത്ത്, സൗത്ത് ഡിവിഷനുകൾ ഈസ്റ്റേൺ സർക്കിൾ പാലക്കാടിന്റെ കീഴിലാണ്. ഇത്തരത്തിലുള്ള എ.ജി റിപ്പോർട്ട് ഇല്ലായെന്നാണ് സർക്കിൾ കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |
| (എഫ്) | കഴിഞ്ഞ അഞ്ച് വർഷം വനം വകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കിയപ്പോൾ ഓരോ പദ്ധതിയിലും വയനാട്ടിലെ ആദിവാസികൾക്കായി എത്ര രൂപ വീതം നീക്കിവെച്ചുവെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നുമുള്ള വിശദമായ കണക്ക് ലഭ്യമാക്കുമോ; | (എഫ്) | കഴിഞ്ഞ അഞ്ച് വർഷം വയനാട് ജില്ലയിൽ വനം വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം 3 ആയി ചേർക്കുന്നു. |
| (ജി) | വയനാട് ജില്ലയിലെ ആദിവാസികളുടെ ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപ അനുവദിച്ചുവെന്നും അതിൽ എത്ര രൂപ ചെലവഴിച്ചുവെന്നുമുള്ള വിശദമായ കണക്ക് ലഭ്യമാക്കുമോ? | (ജി) | കഴിഞ്ഞ അഞ്ച് വർഷം വയനാട് ജില്ലയിൽ വനം വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം 3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം . 1

| ജില്ല | ഡിവിഷൻ | ഭൂരഹിത ആദിവാസികൾക്ക് വിതരണം ചെയ്യാൻ കേന്ദ്രാനുമതി ലഭിച്ച ഭൂമി (ഹെ.) | ഡി.എഫ്.ഒ റിപ്പോർട്ട് ചെയ്ത ഭൂമിയുടെ അളവ് (ഹെ.) | പട്ടയം നൽകാൻ റവന്യൂ വകുപ്പിന് നൽകിയ ഭൂമി (ഹെ) | വനാവകാശ നിയമ പ്രകാരം നൽകിയ ഭൂമി (ഹെ) | KST Act പ്രകാരം നൽകിയ ഭൂമി (ഹെ) | കയ്യേറ്റ ഭൂമി (ഹെ) | വാസയോഗ്യമല്ലാത്ത ഭൂമി (ഹെ) | റീസർവ്വെയിലെ വ്യത്യാസം (ഹെ) | ആകെ വിതരണം ചെയ്ത ഭൂമി (ഹെ) | വിതരണത്തിന് അവശേഷിക്കുന്ന ഭൂമി (ഹെ) |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 1(a) | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 (4+5+6) | 11 [3-(7+8+10)] |
| മലപ്പുറം | നിലമ്പൂർ നോർത്ത് | 203.64 | 198.7100 | 172.4600 | 0.0000 | 0.0000 | 14.1100 | 12.1400 | 4.9300 | 172.4600 | 0.0000 |
| പാലക്കാട് | മണ്ണാർക്കാട് | 3559.1700 | 3555.7300 | 752.7000 | 133.1000 | 0.0000 | 164.1400 | 2204.4600 | 0.0000 | 885.8000 | 301.3300 |
| | പാലക്കാട് | 569.3695 | 249.5245 | 9.2839 | 126.9245 | 0.0000 | 0.0000 | 113.3161 | 0.0000 | 136.2084 | 0.0000 |
| | നെന്മാറ | 232.7632 | 232.9632 | 47.1394 | 0.0000 | 9.9045 | 0.0000 | 117.0032 | 0.0000 | 57.0439 | 58.9161 |
| | **Sub Total** | 4564.9427 | 4236.9277 | 981.5833 | 260.0245 | 9.9045 | 178.2500 | 2446.9193 | 4.9300 | 1251.5123 | 360.2461 |
| വയനാട് | സൗത്ത് വയനാട് | 2669.8800 | 2663.0300 | 1452.5700 | 511.4600 | 183.1930 | 152.7000 | 270.6150 | 6.8500 | 2147.2230 | 92.4920 |
| | നോർത്ത് വയനാട് | 338.2000 | 329.4900 | 43.3203 | 81.8200 | 49.2277 | 127.6179 | 2.9480 | 2.4894 | 174.3680 | 24.5561 |
| കാസർഗോഡ് | കാസർഗോഡ് | 37.2030 | 37.2030 | 0.0000 | 0.0000 | 30.3730 | 0.0000 | 6.8300 | 0.0000 | 30.3730 | 0.0000 |
| കണ്ണൂർ | കണ്ണൂർ | 83.00 | 83.0000 | 0.0000 | 0.0000 | 0.0000 | 0.0000 | 83.0000 | 0.0000 | 0.0000 | 0.0000 |
| | **Sub Total** | 3128.2830 | 3112.7230 | 1495.8903 | 593.2800 | 262.7937 | 280.3179 | 363.3930 | 9.3394 | 2351.9640 | 117.0481 |
| | **Total** | 7693.2257 | 7349.6507 | 2477.4736 | 853.3045 | 272.6982 | 458.5679 | 2810.3123 | 14.2694 | 3603.4763 | 477.2942 |

## അനുബന്ധം . 2

| ക്രമ നമ്പർ | ഡിവിഷൻ | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചിലവഴിച്ച തുക (ലക്ഷത്തിൽ) | പദ്ധതികൾ ചുരുക്കത്തിൽ |
|---|---|---|---|---|
| 1. | നോർത്ത് വയനാട് | 13 | 30.125 | സോളാർ പവർ ഫെൻസിംഗ്, വനവിഭവ ശേഖരണ, സംസ്കരണ, വിപണന പ്രവർത്തനങ്ങൾ, വനവിഭവങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ മുതലായവ |
| 2. | സൗത്ത് വയനാട് | 18 | 36.27 | ട്രൈബൽ വാച്ചർമാരെ ഫോറസ്റ്റ് പ്രൊട്ടക്ഷന് നിയോഗിക്കൽ, വന്യജീവി ആക്രമണം തടയുന്നതിന് വേണ്ടി ദിവസ വേതനാടിസ്ഥാനത്തിൽ നിയോഗിക്കൽ, കോളനികളിൽ എൽ.പി.ജി ഗ്യാസ് സ്റ്റവ്, വനവിഭവ ശേഖരണ, സംസ്കരണ, വിപണന പ്രവർത്തനങ്ങൾ, വനവിഭവങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ മുതലായവ |
| 3. | കണ്ണൂർ | 1 | 5.00 | വനവിഭവ ശേഖരണ, സംസ്കരണ, വിപണന പ്രവർത്തനങ്ങൾ |
| 4. | നിലമ്പൂർ നോർത്ത് | 12 | 22.414 | റോഡ് അറ്റകുറ്റപണി, സോളാർ ഫെൻസിംഗ്, സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ മുതലായവ. |

| | | | | |
|---|---|---|---|---|
| 5. | നിലമ്പൂർ സൗത്ത് | 27 | 126.49 | റോഡ് അറ്റകുറ്റപണി, സോളാർ ഫെൻസിംഗ്, സോളാർ എനർജി വിളക്ക്, ആനപ്രതിരോധ കിടങ്ങിന്റെ അറ്റകുറ്റപണി, എൽ.പി.ജി. കണക്ഷൻ, വനവിഭവ ശേഖരണ, സംസ്കരണ, വിപണന പ്രവർത്തനങ്ങൾ മുതലായവ. |
| 6. | മണ്ണാർക്കാട് | 1 | 40.92 | ആനപ്രതിരോധ കിടങ്ങ് (7.44 കി.മീ.) |
| 7. | പാലക്കാട് | 9 | 173.714 | സോളാർ ഫെൻസിങ്, തയ്യൽ മെഷീൻ വിതരണം, എൽ.പി.ജി. കണക്ഷൻ, ഗ്രോ ബാഗ് വിതരണം. |
| 8. | ചാലക്കുടി | 5 | 77.19 | വനവിഭവ ശേഖരണ, സംസ്കരണ, വിപണന പ്രവർത്തനങ്ങൾ, ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക് നിർമാർജ്ജനം, ഗ്യാസ് കണക്ഷൻ, നൈപുണ്യ പരിശീലനം, കരകൗശല നിർമ്മാണം, ആരോഗ്യ സംരക്ഷണം മുതലായവ |
| 9. | വാഴച്ചാൽ | 2 | 22.99 | വനവിഭവ ശേഖരണ, സംസ്കരണ, വിപണന പ്രവർത്തനങ്ങൾ, നൈപുണ്യ പരിശീലനം |

| | | | | |
|---|---|---|---|---|
| 10. | മലയാറ്റൂർ | 2 | 146.85 | വനവിഭവ ശേഖരണ, സംസ്കരണ, വിപണന പ്രവർത്തനങ്ങൾ, നൈപുണ്യ പരിശീലനം, ഗ്യാസ് കണക്ഷൻ, സോളാർ ഫെൻസിംഗ്, ട്രൈബൽ വാച്ചർമാരെ ഫോറസ്റ്റ് പ്രൊട്ടക്ഷന് നിയോഗിക്കൽ മുതലായവ. |
| 11. | തൃശ്ശൂർ | 2 | 6.00 | ട്രൈബൽ വാച്ചർമാരെ ഫോറസ്റ്റ് പ്രൊട്ടക്ഷന് നിയോഗിക്കൽ |
| 12. | തിരുവനന്തപുരം വൈൽഡ്ലൈഫ് | 9 | 77.06 | നൈപുണ്യ പരിശീലനം, കാർഷിക സഹായം, ആരോഗ്യ പരിപാലന ക്യാമ്പ്, വനവിഭവ ശേഖരണ, സംസ്കരണ, വിപണന പ്രവർത്തനങ്ങൾ, ഗ്യാസ് കണക്ഷൻ മുതലായവ. |
| 13. | ഫീൽഡ് ഡയറക്ടർ, കോട്ടയം | 10 | 587.54 | റോഡ് അറ്റകുറ്റപണി, സോളാർ ഫെൻസിംഗ്, സോളാർ എനർജി വിളക്ക്, ആനപ്രതിരോധ കിടങ്ങിന്റെ അറ്റകുറ്റപണി, എൽ.പി.ജി. കണക്ഷൻ, വനവിഭവ ശേഖരണ, സംസ്കരണ, വിപണന പ്രവർത്തനങ്ങൾ, നൈപുണ്യ പരിശീലനം മുതലായവ. |
| 14. | കോട്ടയം | 1 | 2.937 | ഗ്യാസ് കണക്ഷൻ |
| 15. | മൂന്നാർ | 7 | 321.304 | പ്രാദേശിക ചന്ത, റോഡ് അറ്റകുറ്റപണി, വനവിഭവ ശേഖരണ, സംസ്കരണ, |

| | | | | |
|---|---|---|---|---|
| | | | | വിപണന പ്രവർത്തനങ്ങൾ, വീട് നിർമ്മാണം, ഫെൻസിംഗ്, ട്രെഞ്ചിംഗ്, ആദിവാസികൾക്ക് ഉപയോഗത്തിനുള്ള വാഹനം |
| 16. | മാങ്കുളം | 5 | 32.3 | പ്രാദേശിക ചന്ത, ഗ്യാസ് കണക്ഷൻ, റോഡ് അറ്റകുറ്റപണി, മെഡിക്കൽ ക്യാമ്പ്, ജലവിതരണം. |
| 17. | മറയൂർ | 4 | 40.326 | ഗ്യാസ് കണക്ഷൻ, പ്രാദേശിക ചന്ത, ആദിവാസികൾക്ക് ഉപയോഗത്തിനുള്ള വാഹനം, വനവിഭവ ശേഖരണ, സംസ്കരണ, വിപണന പ്രവർത്തനങ്ങൾ. |
| 18. | തെന്മല | 18 | 27.22 | ട്രൈബൽ വാച്ചർമാരെ ഫോറസ്റ്റ് പ്രൊട്ടക്ഷന് നിയോഗിക്കൽ, കരകൗശല പരിശീലനം, യൂണിറ്റ് സ്ഥാപിക്കൽ ആദിവാസി കുട്ടികൾക്കുള്ള പഠനസാമഗ്രികൾ, കുടിവെള്ള പദ്ധതി, സോളാർ ഫെൻസിംഗ് അറ്റകുറ്റപണി |
| 19. | പുനലൂർ | 4 | 81.32 | ട്രൈബൽ വാച്ചർമാരെ ഫോറസ്റ്റ് പ്രൊട്ടക്ഷന് നിയോഗിക്കൽ, കരകൗശല പരിശീലനം, കാർഷികോൽപ്പന്നങ്ങളുടെ വിതരണം, വനവിഭവ ശേഖരണ, സംസ്കരണ, വിപണന പ്രവർത്തനങ്ങൾ |
| 20. | തിരുവനന്തപുരം | 6 | 2.00 | പഠന സാമഗ്രികളുടെ വിതരണം, കുടിവെള്ള പദ്ധതി, അംഗൻവാടിയുടെ അടിസ്ഥാന സൗകര്യ വികസനം. |

| | | | | |
|---|---|---|---|---|
| 21. | അച്ചൻകോവിൽ | 4 | 22.823 | ഡ്രൈവിംഗ് പരിശീലനം, ഗ്യാസ് കണക്ഷൻ, വനവിഭവ ശേഖരണ, സംസ്കരണ, വിപണന പ്രവർത്തനങ്ങൾ |
| 22. | കോന്നി | 16 | 31.92 | അംഗൻവാടിയുടെ അടിസ്ഥാന സൗകര്യ വികസനം, ഗ്യാസ് കണക്ഷൻ, കാർഷികോൽപ്പന്നങ്ങളുടെ വിതരണം, സൗരോർജ്ജ വിളക്ക്, മെഡിക്കൽ ക്യാമ്പ്, ട്രൈബൽ വാച്ചർമാരെ ഫോറസ്റ്റ് പ്രൊട്ടക്ഷന് നിയോഗിക്കൽ, നൈപുണ്യ പരിശീലനം. |
| 23. | പറമ്പിക്കുളം | 24 | 104.081 | കുടിവെള്ളപദ്ധതി, കോളനിയിൽ ശൗചാലയം നിർമ്മിക്കൽ, വനവിഭവ സംസ്കരണ യൂണിറ്റ്, കമ്മ്യൂണിറ്റി ഹാളിനു ചുറ്റുമതിൽ, സുങ്കം കോളനിയിൽ ഡ്രെയിനേജ് നിർമ്മാണം, ആന പ്രതിരോധ ട്രഞ്ച് നിർമ്മാണം, അംഗവൻവാടിയിലെ ചുറ്റുമതിൽ, അംഗൻവാടിയിൽ പഠനസാമഗ്രികളുടെ വിതരണം മുതലായവ. |
| 24. | പീച്ചി | 7 | 39.63 | സൗരോർജ്ജ വിളക്ക്, മെഡിക്കൽ ക്യാമ്പ്, കരിയർ ഗൈഡൻസ്, ഗ്യാസ് കണക്ഷൻ, ട്രൈബൽ വാച്ചർമാരെ ഫോറസ്റ്റ് പ്രൊട്ടക്ഷന് നിയോഗിക്കൽ മുതലായവ |

**അനുബന്ധം . 3**

**നോർത്ത് വയനാട് ഡിവിഷൻ**

| ക്രമ നമ്പർ | പദ്ധതി വിവരം | വകയിരുത്തിയ തുക | ചെലവാക്കിയ തുക |
|---|---|---|---|
| 1 | യുവാക്കാൾക്ക് ഡ്രൈവിംഗ് പരിശീലനം | 1.50 | 1.50 |
| 2 | ചുരുളി ആദിവാസി സെറ്റിൽമെന്റ് കോളനിക്ക് ചുറ്റും സോളാർ പവർ ഫെൻസിംഗ് സ്ഥാപിക്കൽ | 5.95 | 5.25 |
| 3 | തുണി സഞ്ചി നിർമ്മാണ യൂണിറ്റ് രൂപീകരണം | 2.00 | 2.00 |
| 4 | വനിതകൾക്ക് തയ്യൽ പരിശീലനം | 0.42 | 0.42 |
| 5 | ഗ്യാസ് കണക്ഷൻ | 1.75 | 1.67 |
| 6 | പന്നിപ്പാട് കോളനി സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 0.59 | 0.59 |
| 7 | അത്തിമല, എടാരക്കൊല്ലി, കോണവയൽ, വെള്ളറോഡ്, റസ്സൽകുന്ന് കോളനികളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 1.50 | 1.475 |
| 8 | വിദ്യാർത്ഥി പഠന സഹായം | 0.25 | 0.22 |
| 9 | ജൈവ കർഷകർക്ക് ധനസഹായം | 1.25 | 1.25 |
| 10 | നൈപുണ്യ വികസന ക്യാമ്പ് | 0.35 | 0.31 |
| 11 | ജനസേവന കേന്ദ്രത്തിന് ആവശ്യമായ കമ്പ്യൂട്ടർ, പ്രിന്റർ | 1.00 | 0.99 |
| 12 | വനാശ്രിത സമൂഹത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി വനവിഭവ ശേഖരണ, സംസ്കരണ, വിപണന പ്രവർത്തനങ്ങൾ MSP for MFP പദ്ധതയിൽ നടപ്പിലാക്കി. | 14.20 | 14.20 |
| 13 | വനവിഭവങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി നോർത്ത് വയനാട് ഡിവിഷൻ VDVK പ്രവർത്തനം ആരംഭിച്ചു. | 7.5 | 0.25 |
| | **ആകെ** | **38.26** | **30.125** |

സൗത്ത് വയനാട് ഡിവിഷൻ

| | | | |
|---|---|---|---|
| 1 | ട്രൈബൽ വാച്ചർമാരെ ഫോറസ്റ്റ് പ്രൊട്ടക്ഷൻ പ്രവർത്തികൾക്കും വന്യജീവി ആക്രമണം തടയുന്നതിന് വേണ്ടി ദിവസ വേതനാടിസ്ഥാനത്തിൽ നിയോഗിച്ചു | 14.27 | 13.99 |
| 2 | മെഡിക്കൽ ക്യാമ്പ് | 0.60 | 0.60 |
| 3 | സോളാർ ലൈറ്റ് | 0.50 | 0.50 |
| 4 | സോളാർ വിളക്കുകൾ | 1.00 | 1.00 |
| 5 | കോളനികളിൽ കുടിവെള്ള സൗകര്യം | 1.70 | 1.70 |
| 6 | കോളനിയിലെ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് ആവശ്യമായ പുസ്തകം, ബെഞ്ച്, ഡസ്ക്ക് എന്നിവ ലഭ്യക്കിയത് | 1.02 | 0.99 |
| 7 | പഠന വീട് പുനരുദ്ധാരണം | 0.43 | 0.43 |
| 8 | കോളനികളിലെ കൃഷി ആവശ്യങ്ങൾക്കുള്ള സാധന സാമഗ്രികൾ ലഭ്യമാക്കിയത്. | 0.43 | 0.43 |
| 9 | കോളനികളിൽ എൽ.പി.ജി ഗ്യാസ് സ്റ്റവ് | 3.00 | 2.96 |
| 10 | പുകയില്ലാത്ത അടുപ്പ് | 0.60 | 0.57 |
| 11 | ഡ്രൈവിംഗ് ലൈസൻസ് | 0.60 | 0.59 |
| 12 | കരകൗശല വസ്തുക്കളുടെ നിർമ്മാണ പരിശീലനം | 0.20 | 0.06 |

| | | | |
|---|---|---|---|
| 13 | തേനീച്ച വളർത്തൽ പരിശീലനം | 0.60 | 0.60 |
| 14 | പി.എസ്.സി കോച്ചിംഗ് ട്രെയിനിംഗ്, | 0.07 | 0.065 |
| 15 | സ്റ്റീൽ ട്രംഗ് | 0.32 | 0.315 |
| 16 | പരിസ്ഥിതി സൗഹൃദ പേപ്പർ ബാഗ്, ക്ലോത്ത്, പ്ലേറ്റ്, മാസ്ക് എന്നിവയുടെ നിർമ്മാണ പരിശീലനം | 1.00 | 0.99 |
| 17 | MSP for MFP പദ്ധതിയിൽ ഉൾപ്പെടുത്തി പാലച്ചുരം വനസംരക്ഷണ സമിതിയുടെ കീഴിലുള്ള കടച്ചിക്കുന്ന് ഭാഗത്ത് തേൻ സംസ്കരണ യൂണിറ്റിന്റെ പ്രവർത്തി ആരംഭിച്ചു. | 14.04 | 4.66 |
| 18 | MSP for MFP പദ്ധതയിൽ ഉൾപ്പെടുത്തി തരിയോട് 8-ാംമൈൽ വനസംരക്ഷണ സമിതിയുടെ കീഴിൽ തരിയോട് 8-ാം മൈൽ വനസംരക്ഷണ സമിതിയുടെ ഭാഗത്ത് തേൻ സംസ്കരണ യൂണിറ്റിന്റെ പ്രവർത്തി പൂർത്തീകരിച്ചു. | | 5.82 |
| | ആകെ | 40.38 | 36.27 |

വൈൽഡ്ലൈഫ് ഡിവിഷൻ, പാലക്കാട്

| പ്രവൃത്തികൾ | | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1. | അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കും മറ്റ് സംരക്ഷണ പ്രവർത്തനങ്ങൾക്കും ട്രൈബൽ വാച്ചർമാരെ നിയോഗിക്കുന്നത് | 116.69 | 116.69 |
| 2. | ട്രൈബൽ കോളനികളെ Kyasanur Forest Diseases ൽ നിന്ന് സംരക്ഷിക്കുന്നതിനായി വനാതിർത്തികൾ ക്ലിയർചെയ്യുന്നത് | 32.43 | 30.63 |
| 3. | ട്രൈബൽ സെറ്റിൽമെന്റുകളിലേക്കുള്ള വനപാതകളും മറ്റു സൗകര്യങ്ങളും മികച്ചതാക്കുന്നത് | 2.79 | 2.79 |
| 4. | വന്യജീവിസങ്കേതത്തിന് ചുറ്റുമുള്ള സ്കൂളുകളിലെയും അംഗനവാടികളിലേയും ആദിവാസി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ സഹായം | 9.7 | 8.5 |
| 5. | ആദിവാസി കോളിനികളിൽ കുടിവെള്ളസൗകര്യം ഒരുക്കുക | 11.99 | 8.86 |
| 6. | വന്യജീവി സങ്കേതത്തിനകത്തുള്ള ട്രൈബൽ സെറ്റിൽമെന്റുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നത് | 7.94 | 8.81 |
| 7. | ട്രൈബൽ സെറ്റിൽമെന്റുകളിലും വന്യമൃഗങ്ങളുടെ ആക്രമണത്തിന് സാധ്യതയുള്ള സെൻസിറ്റീവ് പ്രദേശങ്ങളിലെ ജനവാസകേന്ദ്രങ്ങളിലും സോളാർലൈറ്റുകൾ സ്ഥാപിക്കുന്നത് | 7.35 | 6.71 |
| 8. | ട്രൈബൽ സെറ്റിൽമെന്റുകളിൽ ഭീഷണിയായി നിൽക്കുന്ന അപകടകാരികളായ മരങ്ങൾ മുറിക്കുന്നത് | 2 | 2.06 |
| 9. | ആദിവാസികൾക്കായി മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നത് | 9.19 | 9.11 |
| 10. | ആദിവാസി കോളനികളിലേക്ക് വൈദ്യുത ഉപകരണങ്ങളും, വൈദ്യുത ബില്ലുകളും ക്ലിയർചെയ്യുന്നത് | 2 | 1.33 |
| ആകെ | | 202.08 | 195.49 |